(ഡി) ഇവയുടെ മുൻഗണനാക്രമം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എന്നേക്ക് എല്ലാ താലൂക്ക് ആസ്ഥാനത്തും ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി) തിരുവനന്തപുരം, നെയ്യാറ്റിൻകര, ആറ്റിങ്ങൽ (ചിറയിൻകീഴ്), കൊല്ലം, കരുനാഗപ്പള്ളി, പത്തനാപുരം(പുനലൂർ), അടൂർ, തിരുവല്ല, കോഴഞ്ചേരി(പത്തനംതിട്ട), ചേർത്തല, അമ്പലപ്പുഴ(ആലപ്പുഴ), കായംകുളം, കോട്ടയം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, മീനച്ചൽ(പാലാ), തൊടുപുഴ, കട്ടപ്പന, കണക്കന്നൂർ, കൊച്ചി, ആലുവ, കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, തൃശ്ശൂർ, ഇരിങ്ങാലക്കുട (മുകുന്ദപുരം), പാലക്കാട്, ചിറ്റൂർ, തിരൂർ, പൊന്നാനി, കോഴിക്കോട്, വടകര, കൽപ്പറ്റ, തലശ്ശേരി, കണ്ണൂർ, കാസർഗോഡ്, കാഞ്ഞങ്ങാട് (ഹോസ്ദുർഗ്).

(സി) അവശേഷിക്കുന്ന താലൂക്കാസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ ഇല്ല.

(ഡി) ഇല്ല.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഘട്ടംഘട്ടമായി പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

118 (2431) അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടിയെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുതസേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവർക്ക് ഹെലികോപ്ടർ കൊടുക്കുവാൻ പരിപാടിയുണ്ടോ; ഇക്കാര്യം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) അഗ്നിശമനസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അഗ്നിശമനസേനാംഗങ്ങൾക്ക് മുങ്ങലിലും നീന്തലിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായി 13 ജീവനക്കാർക്ക് സതേൺ നേവൽ കമാന്റിൽ നിന്നും "ഡ്രൈവിംഗിൽ" പരിശീലനം നൽകിയിട്ടുണ്ട്.

2. ഒഴിവുണ്ടായിരുന്ന വിവിധ തസ്തികകൾ എല്ലാം തന്നെ നികത്തുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. ട്രോമോകെയർ പദ്ധതി പ്രകാരം അഗ്നിശമന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. അഗ്നിശമന വകുപ്പിന്റെ സമഗ്ര നവീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്.

5. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി ഫയർ ഫോഴ്സ് വകുപ്പിനു ഒരു വയർലസ് ശൃംഖല സ്ഥാപിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി)&(സി) ഫയർഫോഴ്സിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ഒരു ആധുനികവൽക്കരണ പദ്ധതി സർക്കാർ പരിശോധിച്ചുവരുകയാണ്.

119 (2432) അഗ്നിശമനസേനാ വിഭാഗത്തിൽ അടിസ്ഥാന യോഗ്യത ഇല്ലാത്തവർക്ക് സ്ഥാനക്കയറ്റം

<u>ശ്രീ. പി.ജെ.ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനാ വിഭാഗത്തിൽ അടിസ്ഥാന യോഗ്യത ഇല്ലാത്തവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ;

(ബി) 3050/-രൂപ അടിസ്ഥാനശമ്പളത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച് ജോലി നോക്കിവരുന്നവർക്ക് 4000/-രൂപ അടിസ്ഥാന ശമ്പളത്തിൽ മെക്കാനിക്കായി എത്രപേർക്ക് ഉദ്യോഗക്കയറ്റം നൽകി എന്നു വ്യക്തമാക്കുമോ; അപ്രകാരം ഉദ്യോഗക്കയറ്റം നൽകിയതിനു പരിഗണിച്ച മാനദണ്ഡം എന്താണ്;

(സി) പ്രസ്തുത തസ്തികയിൽ ഐ.ടി.ഐ, ഐ.ടി.സി. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്രൊമോഷൻ നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(ഡി) ഡ്രൈവർ തസ്തികയ്ക്കുവേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിച്ചപ്പോൾ അധിക യോഗ്യത രേഖപ്പെടുത്താത്തവർക്ക് പ്രൊമോഷൻ നൽകുന്നതിന് പി.എസി.സി. അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി.അനുവാദം നൽകിയതെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാനയോഗ്യതയില്ലാത്തവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ബി) 54 ഫയർമാൻ-ഡ്രൈവർ-കം-പംമ്പ് ഓപ്പറേറ്റർമാർക്ക് ഡ്രൈവർ മെക്കാനിക്കായി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഫയർമാൻ-ഡ്രൈവർ-കം-പംമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിയമനം ലഭിച്ചവരിൽ എസ്.എസ്.എൽ.സി. പാസ്സാകുകയും, ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിലോ, കെ.എസ്.ആർ.ടി.സിയിലോ മെക്കാനിക്കായി 3 വർഷത്തെ പ്രായോഗിക പരിചയവും ഉള്ളവരെ ഡ്രൈവർ മെക്കാനിക്കായി ഉദ്യോഗക്കയറ്റം നൽകുന്ന മാനദണ്ഡമാണ് അനുവർത്തിച്ചു വരുന്നത്.

(സി) മേൽപ്പറഞ്ഞ യോഗ്യതയുള്ള ആർക്കും ഡ്രൈവർ മെക്കാനിക്ക് തസ്തികയിൽ പ്രൊമോഷൻ നിഷേധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly